World Water Day Special

POWERED BY **Haier** Inspired Living

മാതൃഭൂമി Seed
പ്രസിദ്ധീകരണം

# ആകാശപ്പച്ച

## പച്ചപ്പുകൊണ്ട് മറയണം ആകാശ നീലിമ



മാതൃഭൂമി സീഡ് വിദ്യാർഥികളുടെയും അധ്യാപകരുടെയും
പ്രകൃതിസൗഹൃദ നിലപാടുകൾക്ക് ഒരു ഡിജിറ്റൽ ഇടം

MATHRUBHUMI SEED
DIGITAL NATURE MAGAZINE

LEAF - 06 WATER DAY SPECIAL 2022

World Water Day Special

POWERED BY Haier Inspired Living

# ആകാശപ്പച്ച

## CONTENTS


എഡിറ്റോറിയൽ

കാട്ടിലെക്കാര്യം

കേരളം അറിയാൻ

ചിറകുള്ള ചങ്ങാതിമാർ

ഈ ഫോട്ടോ കാണാം

കൃഷിക്കാര്യം

സിനിമാപാട്ടിലെ പ്രകൃതി

ഇത് അതിശയം തന്നെ

തെറ്റ് ശരി

ലോകം എങ്ങനെ

പൂവറിവ്

വർണച്ചിറക്


cover image: Shutterstok

Haier Inspired Living

THE WORLD'S NO. 1* APPLIANCES BRAND

*Source: Euromonitor International Limited; Consumer Appliances 2022ed, % unit share, 2021 volume sales data.



മാതൃഭൂമി ആകാശപ്പച്ച

World Water Day Special

POWERED BY Haier Inspired Living

# ജീവന്റെ പതിപ്പ്

**ആ**കാശപ്പച്ചയുടെ പ്രത്യേക പതിപ്പാണിത്. ജീവന്റെ പതിപ്പ് എന്നുവേണം പറയാൻ. ജലമാണ് വിഷയം, ഒരുദിവസത്തെയല്ല എന്നത്തെയും വിഷയം അതുതന്നെയാണ്. വലിയ മഴക്കാലം പ്രളയമുണ്ടാക്കുമ്പോൾ തൊട്ടടുത്ത് കടുത്ത വേനൽ ചുട്ടുപൊള്ളിക്കുന്നു. വെള്ളത്തിന്റെ കണക്കുകൾ നമ്മുടെ കണക്കുകൂട്ടലുകൾ തെറ്റിക്കുന്നുണ്ട്. വിവേകത്തോടെ നമ്മൾ ജലസംഭരണത്തിന് ഇനിയും തയ്യാറായില്ലെങ്കിൽ ഇനി വരുന്ന തലമുറയ്ക്ക് ഇവിടെ ജീവിതം സാധ്യമാവുമോ എന്ന് ഭയപ്പെടേണ്ടിയിരിക്കുന്നു. കരിയിലകൊണ്ട് ഭൂമിക്കൊരു പുതപ്പ്... അത്രയെങ്കിലും ചെയ്തുതുടങ്ങാം. വരുംതലമുറ ദാഹിച്ച് തളരാതിരിക്കട്ടെ!


Haier
Inspired Living

THE WORLD'S NO. 1* APPLIANCES BRAND

*Source: Euromonitor International Limited; Consumer Appliances 2022ed, % unit share, 2021 volume sales data.



മാതൃഭൂമി ആകാശപ്പച്ച
World Water Day Special
POWERED BY Haier Inspired Living

എഡിറ്റോറിയൽ



# ഇത് എല്ലാവരുടേയും ബാങ്ക് തകരാതെ കാക്കണം!

എല്ലാവർക്കും ആവശ്യംപോലെ പണമെടുക്കാവുന്ന ഒരു ബാങ്ക് അക്കൗണ്ട് ഉണ്ടെങ്കിൽ എത്ര നന്നായിരുന്നു അല്ലേ? നമ്മൾ നിക്ഷേപിക്കുകയൊന്നും വേണ്ട, വെറുതേ ചെന്നങ്ങ് എടുത്താൽ മാത്രം മതി. 'എത്ര സുന്ദരമായ നടക്കാത്ത സ്വപ്നം' എന്ന് തള്ളിക്കളയാൻവരട്ടെ. ഭൂഗർഭജലം എന്ന വിലപിടിപ്പുള്ള വസ്തു നമ്മൾ ഇങ്ങനെയാണ് ഉപയോഗിക്കുന്നത്. ആർക്കും എത്രവേണമെങ്കിലും ഉപയോഗിക്കാം. എന്നാൽ ആ നിക്ഷേപത്തിലേക്ക് സംഭാവനചെയ്യാൻ നമ്മൾ തയ്യാറുമല്ല. വീട്ടുപറമ്പിലും നാട്ടുമൈതാനങ്ങളിലുമെല്ലാം പെയ്തുനിറയുന്ന മഴവെള്ളം ഒട്ടും സമയം പാഴാക്കാതെ കടലിലേക്ക് ഒഴുക്കിവിടാനാണ് നമുക്കിഷ്ടം. ഈ പ്രവൃത്തികളിലൂടെ ഭൂമിക്കടിയിലെ ജലത്തിന്റെ ബാങ്ക് ബാലൻസ് കുറയ്ക്കുകയാണ് ചെയ്യുന്നതെന്ന് നമ്മൾ ഓർക്കാറുമില്ല. ജലത്തിന്റെ നിക്ഷേപം തീർന്നാൽ അതോടെ നിലയ്ക്കും എല്ലാ ജീവനും!

Haier
Inspired Living
THE WORLD'S NO. 1* APPLIANCES BRAND
*Source: Euromonitor International Limited; Consumer Appliances 2022ed, % unit share, 2021 volume sales data.



image: vecteezy.com

# കാടാണ് നദിയായി ഒഴുകുന്നത്

നമ്മൾ കാണാത്ത കാട്ടിൽ അരുവികൾ ഉറവെടുക്കുന്നു. അരുവികൾ ചേർന്ന്, കാട്ടാറുകൾ ചേർന്ന്, പുഴകൾ ചേർന്ന്, കളകളം ഒഴുകുന്ന നദിയാവുന്നു. വെള്ളച്ചാട്ടങ്ങളിലൂടെ പതിച്ച്, കണ്ടൽക്കാടുകൾ കടന്ന് നാട്ടുനടുവിലൂടെ ഒഴുകിയെത്തുമ്പോഴാണ് നാം നദിയെ അറിയുന്നത്. ഒരുപാട് കഥകൾ പറയാൻ ആഗ്രഹിക്കുന്ന നദികൾ...

കാടുകളിലാണ് നദി ജനിക്കുന്നത്. നദീതടങ്ങളിലാണ് സംസ്കാരങ്ങൾ ജന്മമെടുത്തത്. നാടുകളുമായും നഗരങ്ങളുമായും നേരിട്ട് ബന്ധപ്പെട്ടുകിടക്കുന്ന ആവാസവ്യവസ്ഥയാണ് നദികൾ. നദികളിൽ നമ്മൾ കാടിനെ കാണണം.നാടിനൊക്കെയും നദിയുടെ വേരുകൾ നൽകണം, കാടിന്റെ പച്ചയും.

അശ്വിൻ വി. നായർ, ക്ലാസ് 5
ജി.എച്ച്.എസ്.എസ്. പറവൂർ
ആലപ്പുഴ

Haier Inspired Living
THE WORLD'S NO. 1* APPLIANCES BRAND
*Source: Euromonitor International Limited; Consumer Appliances 2022ed, % unit share, 2021 volume sales data.




മാതൃഭൂമി
ആകാശപ്പച്ച
World Water Day Special

POWERED BY
Haier
Inspired Living

കേരളം അറിയാൻ

# ഹരിത ഭൂമിക്കായി നീലിമ കാക്കാം

ജീവന്റെ അടിസ്ഥാനം ജലമാണ്. ജീവൻ അങ്കുരിച്ചതും ജലത്തിൽതന്നെ. സഹ്യന്റെ മടിത്തട്ടിലായുള്ള, 44 നദികൾ സമൃദ്ധമായി ഒഴുകുന്ന കേരളം വേനൽക്കാലത്ത് ഒരിറ്റ് ജലത്തിനായി കേഴുകയാണ്. നമ്മുടെ ജലസമൃദ്ധി എവിടേക്കാണ് മാഞ്ഞുപോകുന്നത്? ഭൂമിശാസ്ത്രപരമായി കിഴക്കുനിന്ന് പടിഞ്ഞാറോട്ടുള്ള ചരിവ്, മൺസൂൺമഴ ചൊരിയുന്ന ജലസമൃദ്ധി ഭൂമിയിലേക്കിറങ്ങാതെ ഒഴുകിപ്പോകാൻ ഇടയാക്കുന്നു. ഈ ജലദിനത്തിൽതന്നെ, ജലത്തെ മണ്ണിലേക്ക് ഇറക്കാനുള്ള ശ്രമങ്ങൾ നമ്മുടെ വീടുകളിൽനിന്ന് തുടങ്ങാം. വീടിന് ചുറ്റും കോൺക്രീറ്റ് കട്ടകൾ പാകി നിറയ്ക്കാതെ, കരിയിലകൾ കത്തിച്ചുകളയാതെ, ചരിവുകളെ തട്ടുകളായി തിരിച്ചുകൊണ്ട് ജീവജലത്തെ മണ്ണിലേക്ക് അയക്കാം. അങ്ങനെ ഭൂഗർഭജലസമ്പത്തിന്റെ ഉടമകളായി നമുക്ക് മാറാം. ജീവന്റെ ഊർജമാണ് ജലം, പ്രകൃതിയുടെ സൗന്ദര്യവും. ഭൂഗർഭജലം അദൃശ്യമായതിനെ ദൃശ്യമാക്കുന്നു.

തീർഥ ജെ., ക്ലാസ് 7
ഗവ. യു.പി.എസ്. ഇടവിളാകം
തിരുവനന്തപുരം

Haier
Inspired Living
THE WORLD'S NO. 1*
APPLIANCES BRAND
*Source: Euromonitor International Limited; Consumer Appliances 2022ed, % unit share, 2021 volume sales data.





# നീർനാര

മാതൃഭൂമി ആകാശപ്പച്ച

World Water Day Special

POWERED BY Haier Inspired Living

ചിറകുള്ള ചങ്ങാതിമാർ

Photo taken from a kole wetland at Thrissur by Ajith S. Sivadasan

Flamingo

ഏറെ അഴകുള്ള പക്ഷിയാണ് അരയന്നക്കൊക്ക്. കഴുത്തിനും കാലുകൾക്കും കൊക്കിനും വളരെ നീളമുണ്ട്. ഇളംചുവപ്പ് കലർന്ന വെള്ളനിറം. ചിറകിൽ കറുത്ത നിറവും ചിറകറ്റത്ത് ചുവപ്പും. ഫിനിക്കോപ്റ്ററിഡേ പക്ഷികുടുംബക്കാരാണിവ. ഈ കുടുംബത്തിലെ ഫോണിക്കോപ്റ്ററസ് എന്ന ജീനസിൽ ആറ് സ്പീഷീസുകളാണുള്ളത്. ഇതിൽ ഫോണിക്കോപ്റോസിയസ് എന്ന ശാസ്ത്രീയനാമമുള്ള നീർനാരകളാണ് ഇന്ത്യയിൽ പൊതുവേ കാണപ്പെടുന്നത്. കൂട്ടമായാണ് ഇവ ജീവിക്കുക. വെള്ളത്തിലൂടെ നടന്ന് ഭക്ഷണം കണ്ടെത്തുന്നു. ആഴം കുറഞ്ഞ വെള്ളക്കെട്ടുകളിൽ ചെളികൊണ്ട് കൂടുണ്ടാക്കി മുട്ടയിടും. ആൺപക്ഷിയും പെൺപക്ഷിയും മാറിമാറി അടയിരിക്കും. ഇന്ത്യയുടെ തെക്കുപടിഞ്ഞാറൻ ഭാഗങ്ങളിലാണ് പ്രധാനമായും ഇവയെ കാണുന്നത്.

ദേവനന്ദ ഒ., ക്ലാസ് 9
പി.എം.എസ്.എ.പി.ടി.എസ്.വി.എച്ച്.എസ്.എസ്.
കൈക്കോട്ടുകടവ്, കാസർകോട്

Haier Inspired Living

THE WORLD'S NO. 1* APPLIANCES BRAND

*Source: Euromonitor International Limited; Consumer Appliances 2022ed, % unit share, 2021 volume sales data.



ഈ ഫോട്ടോ കാണാം

മാതൃഭൂമി ആകാശപ്പച്ച
World Water Day Special
POWERED BY Haier Inspired Living

# അതിജീവന ദാഹം



ഫോട്ടോ ലൊക്കേഷൻ : പൂക്കോട്, കൂത്തുപറമ്പ്, കണ്ണൂർ

അനു ദർഷ് കേളോത്ത്
ക്ലാസ് 11
ആർ.ജി.എം.എച്ച്.എസ്.എസ്.
മൊകേരി, കണ്ണൂർ

Haier Inspired Living

THE WORLD'S NO. 1*
APPLIANCES BRAND

*Source: Euromonitor International Limited; Consumer Appliances 2022ed, % unit share, 2021 volume sales data.



മാതൃഭൂമി ആകാശപ്പച്ച
World Water Day Special

POWERED BY Haier Inspired Living

കൃഷിക്കാര്യം




# തുള്ളിനന

**കാ**ർഷികമേഖല അഭിമുഖീകരിക്കുന്ന ജലദൗർലഭ്യം മറികടക്കാനുള്ള ഏറ്റവും നൂതനമായ മാർഗമാണ് തുള്ളിനന അഥവാ ഡ്രിപ് ഇറിഗേഷൻ. കൃഷിയിടത്തിലൂടെ പോകുന്ന ചെറിയ കുഴലുകളിൽനിന്ന് തുള്ളിതുള്ളിയായി കൃഷിയിടത്തിലേക്ക് ജലം വീഴുന്ന രീതിയാണിത്. ഇതിലൂടെ ജലം പാഴാകുന്നത് തടയാനാവും.

പച്ചക്കറിക്കൃഷിയിൽ വേരുകൾ മണ്ണിന്റെ ഉപരിതലത്തിൽ മാത്രമാണ് പടരുന്നത്. ഡ്രിപ് ഇറിഗേഷൻ വഴി ജലലഭ്യത ഉപരിതലത്തിൽ മാത്രമായി ക്രമീകരിക്കാനാവും. അതുവഴി ജല ഉപഭോഗം കുറയ്ക്കാനും ചെടിയുടെ വളർച്ച ത്വരിതപ്പെടുത്താനും കഴിയും. നല്ല വിളവ് ലഭിക്കുകയും ചെയ്യും.


ശ്രീദേവ് ഉല്ലാസ്
ക്ലാസ് 6
എസ്.എൻ.യു.പി. സ്കൂൾ
പോത്തിൻകണ്ടം, ഇടുക്കി



Haier Inspired Living

THE WORLD'S NO. 1* APPLIANCES BRAND

*Source: Euromonitor International Limited; Consumer Appliances 2022ed, % unit share, 2021 volume sales data.




മാതൃഭൂമി ആകാശപ്പച്ച
World Water Day Special

POWERED BY Haier Inspired Living

## സിനിമാപാട്ടിലെ പ്രകൃതി

*മഴകൊണ്ട് മാത്രം*
*മുളയ്ക്കുന്ന വിത്തുകൾ*
*പലതുണ്ട് മണ്ണിൻ മനസ്സിൽ...*

**സ്പി**രിറ്റ് എന്ന സിനിമയിൽ റഫീക്ക് അഹമ്മദിന്റെ വരികളിൽ വിജയ് യേശുദാസ് ആലപിച്ച ഗാനമാണിത്. ഇവിടെ മഴയെ വ്യക്തിബന്ധങ്ങളുടെ ആഴം വർധിപ്പിക്കുന്ന ഊഷ്മള വികാരമായിട്ടാണ് ചിത്രീകരിച്ചിട്ടുള്ളത്. മണ്ണിൽ ഉറങ്ങിക്കിടക്കുന്ന ഒരു വിത്ത് മുളയ്ക്കണമെങ്കിൽ അതിൽ ആർദ്രതയുടെ നനവ് പടരണം. അതുപോലെ വരണ്ടുണങ്ങിയ വ്യക്തിബന്ധങ്ങളിൽ വൈകാരികതയുടെ ആർദ്രസ്പർശത്താൽ മാത്രമേ ബന്ധങ്ങൾ ഊഷ്മളമാവൂ. വ്യക്തിബന്ധങ്ങളും പ്രകൃതിയും സമ്മേളിക്കുന്നത് മനോഹരമായി വെളിപ്പെടുത്തുകയാണിവിടെ. മഴയുടെ ജീവൻപോലെ, ജീവന്റെ മഴപോലെ!



നവ കുഞ്ഞമ്മദ്
ക്ലാസ് 10
ഒലീവ് പബ്ലിക് സ്കൂൾ
പേരാമ്പ്ര, കോഴിക്കോട്

Haier
Inspired Living
THE WORLD'S NO. 1* APPLIANCES BRAND
*Source: Euromonitor International Limited; Consumer Appliances 2022ed, % unit share, 2021 volume sales data.



ഇത് അതിശയം തന്നെ

# കേണി

കടുത്ത വേനലിലും വറ്റാതെ തെളിനീർ നൽകുന്ന കേണികൾ പരമ്പരാഗത നിർമാണകലയുടെ അതിശയക്കാഴ്ചയാണ്. 500–600 വർഷങ്ങൾക്കു മുൻപ് നിർമിക്കപ്പെട്ട ഇവ വയനാട്ടിലെ ആദിവാസിവിഭാഗങ്ങളുടെ സാംസ്കാരിക പൈതൃകത്തിന്റെ നേർസാക്ഷ്യങ്ങളാണ്. ഉപരിതലജലത്തിന്റെ ഉറവകളിൽ ഉൾഭാഗം തുരന്ന മരക്കുറ്റികൾ ഉപയോഗിച്ചാണ് ഇവ നിർമിക്കുന്നത്. ഏകദേശം 30 ഇഞ്ച് താഴ്ചയും 24 ഇഞ്ച് വീതിയുമുണ്ടാവും. കുന്നിൻചരിവുകളിലും കാവുകളിലും നെൽവയലുകളിലുമാണ് ഇവ കാണുന്നത്. വയനാട്ടിലെ മുള്ളക്കുറുമരുടെ കുടികൾക്ക് സമീപം കേണികൾ കാണാം.



Photo: P. Jayesh

നന്ദന കെ.ബി., ക്ലാസ് 10
ജി.എച്ച്.എസ്.എസ്. ബീനാച്ചി, വയനാട്

Haier Inspired Living
THE WORLD'S NO. 1* APPLIANCES BRAND
*Source: Euromonitor International Limited; Consumer Appliances 2022ed, % unit share, 2021 volume sales data.


മാതൃഭൂമി
ആകാശപ്പച്ച
World Water Day Special

POWERED BY Haier Inspired Living

തെറ്റ് ശരി

# ജലത്തിന്റെ വേഷ പ്രച്ഛന്നത

ജലം നമുക്കുമുൻപിൽ പല വേഷങ്ങളിൽ പല കാലത്തായി പ്രത്യക്ഷപ്പെടാറുണ്ട്. ഒരുസമയത്ത് പ്രളയമായും മഹാമാരിയായും നമ്മെ ബുദ്ധിമുട്ടിച്ച മഴയെ വേനൽക്കാലത്ത് ഒന്ന് കാണാൻ കൊതിക്കുന്നു. വേനലിൽ അത്യന്താപേക്ഷിതമായ ഘട്ടത്തിൽ ജലസംഭരണികൾ വറ്റിവരളുന്നു. മഴക്കാലത്ത് ജലത്തിന് ആവശ്യം കുറയുമ്പോൾ സംഭരണികൾ നിറഞ്ഞുകവിയുന്നു. ചിലപ്പോഴൊക്കെ അവ കൊതുകുജന്യരോഗങ്ങളുടെ ഉറവിടവുമാകുന്നു. ഇത് പ്രകൃതിയുടെമാത്രം ചെയ്തിയാണെന്ന് സമാധാനിക്കാനാവില്ല. ഈ ശരിതെറ്റുകൾ മാറിമറിയുന്നത് മനുഷ്യരുടെകൂടി ഇടപെടലുകൾ നിമിത്തമാണ്. വിവേകപൂർണമായ ഇടപെടലാണ് വേണ്ടത്.

റീയന്ന റീത്ത രഞ്ജിത്ത്, ക്ലാസ് 9
മൗണ്ട് കാർമൽ എച്ച്.എസ്.
കോട്ടയം

Haier Inspired Living
THE WORLD'S NO. 1* APPLIANCES BRAND
*Source: Euromonitor International Limited; Consumer Appliances 2022ed, % unit share, 2021 volume sales data.

മാതൃഭൂമി ആകാശപ്പച്ച

World Water Day Special

POWERED BY Haier Inspired Living

# അതിജീവനം തേടുന്ന ജലപ്രവാഹങ്ങൾ

ലോകം എങ്ങനെ

ജീവന്റെ ആധാരമായ ജലം മലിനമാകുന്നതിന് നിരവധി കാരണങ്ങളുണ്ട്. അതിൽ ബഹുഭൂരിപക്ഷവും മനുഷ്യരുണ്ടാക്കുന്നവയുമാണ്. വ്യവസായവത്കരണംമൂലം മലിനമാക്കപ്പെടുന്ന ജലസ്രോതസ്സുകളുടെ എണ്ണം അനുദിനം പെരുകുന്നു. സമുദ്രത്തിൽ കപ്പലുകൾ തകർന്നും ചോർന്നും വ്യാപിക്കുന്ന എണ്ണപ്പാളികൾ വലിയ പ്രതിസന്ധികൾക്കിടയാക്കുന്നു. ആഗോളതാപനത്തിൽ മഞ്ഞലിഞ്ഞ് ഉയരുന്ന ജലനിരപ്പ് കരകളെ ഭീഷണിപ്പെടുത്തുന്നു. ഉയർന്ന സമുദ്രതാപനിലയിൽ സമുദ്രജീവനം പ്രതിസന്ധി നേരിടുന്നു. വിവേക, വിവേചന ബോധത്തിന്റെ അപര്യാപ്തതയാണ് വെല്ലുവിളിയുയർത്തുന്നത്. അത് ജീവന്റെ നിലനിൽപ്പിന് അത്യന്താപേക്ഷിതമായ ശുദ്ധജലം എന്ന യാഥാർഥ്യത്തോടാണ്, വരുംതലമുറയുടെ ജീവിക്കാനുള്ള അവകാശത്തോടുമാണ്. ലോകം സത്വര ശ്രദ്ധപതിപ്പിക്കേണ്ടതും ഈ വിഷയത്തിൽതന്നെ.

ഭവ്യ കെ.ബി., ക്ലാസ് 10
വി.പി.എം.എസ്.എൻ.ഡി.പി.
എച്ച്.എസ്.എസ്.കഴിമ്പ്രം, തൃശ്ശൂർ

Haier Inspired Living

THE WORLD'S NO. 1* APPLIANCES BRAND

*Source: Euromonitor International Limited; Consumer Appliances 2022ed, % unit share, 2021 volume sales data.



മാതൃഭൂമി ആകാശപ്പച്ച
World Water Day Special
POWERED BY Haier Inspired Living

പൂവറിവ്

# കുളവാഴ

## Water hyacinth



ജലാശയങ്ങളുടെ ഉപരിതലത്തിൽ വളരെ പെട്ടെന്ന് വളരുന്ന സസ്യമാണ് കുളവാഴ. മുളപൊട്ടി വ്യാപിക്കുന്ന ഇതിൽ ബാക്റ്റീരിയയെ വളർത്തി സെല്ലുലാസ് എന്ന എൻസൈം വേർതിരിച്ച് ജൈവ ഇന്ധനമായി ഉപയോഗിക്കാമെന്ന് കണ്ടെത്തിയിട്ടുണ്ട്. കൂൺ വളർത്താനുള്ള ബെഡ്ഡായും ചാണകവരളിക്ക് പകരമായും ഉപയോഗിക്കാം. ഇലകളും തണ്ടും ഉപയോഗിച്ച് സോഫ്റ്റ് ബോഡ് കാർഡുകളും നിർമിക്കാം. തെക്കേ അമേരിക്കയിലെ ആമസോൺ പ്രദേശമാണ് കുളവാഴയുടെ സ്വദേശം. കേരളത്തിലെ അധിനിവേശ സസ്യയിനങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണിത്. കാക്കപ്പോള, കരിംകൂള, പായൽ പൂ എന്നിങ്ങനെയും പേരുകളുണ്ട്.

ദേവന എസ്. നായർ, ക്ലാസ് 9
അഗസ്റ്റിൻസ് ഗേൾസ് ഹയർസെക്കണ്ടറി സ്കൂൾ
കോതമംഗലം, എറണാകുളം

Haier Inspired Living
THE WORLD'S NO. 1* APPLIANCES BRAND
*Source: Euromonitor International Limited; Consumer Appliances 2022ed, % unit share, 2021 volume sales data.



മാതൃഭൂമി ആകാശപ്പച്ച
World Water Day Special
POWERED BY Haier Inspired Living

വർണച്ചിറക്

കഥ

# പുഴയൊഴുകും ഓർമ്മകളിൽ


**പു**ഴയിലേക്ക് ചാഞ്ഞുനിൽക്കുന്ന മാവ് കണ്ടപ്പോൾ അപ്പുവിന് അതിശയമായി. “അമ്മേ, ഈ മരങ്ങളെ ഉടുപ്പിടീച്ചിരിക്കുന്നു!” തറവാടുവീടിന്റെ തിണ്ണയിൽ സംസാരിച്ചുനിൽക്കുകയായിരുന്നു അമ്മയും അമ്മായിയും. അമ്മായിയാണ് അവിടെ താമസം. “എന്റെ അപ്പുക്കുട്ടാ... ഞാൻ ഉടുപ്പിടീച്ചതൊന്നുമല്ല. മാലിന്യമൊക്കെ ആളുകൾ പുഴയിലേക്ക് ഇടും. വെള്ളപ്പൊക്കം വന്നപ്പോൾ അതൊക്കെ പുഴകൾ മരങ്ങൾക്ക് നൽകിയതാ!” അമ്മായി പറയുന്നത് കേട്ടപ്പോൾ അപ്പുവിന് വിഷമം തോന്നി.

അപ്പു, അമ്മായിയുടെ കൈ പിടിച്ച് പടികളിറങ്ങി വെള്ളത്തിനടുത്തുവരെ പോയി. “വെള്ളം ചീത്തയാണ്, കാല് വെള്ളത്തിൽ മുട്ടിക്കണ്ട!” അപ്പു വിഷമിച്ചുനിൽക്കുമ്പോൾ അമ്മ പടിയിറങ്ങിവന്ന് വെള്ളത്തിലേക്ക് ഇറങ്ങി. “അയ്യോ അമ്മേ ഇത് ചീത്ത വെള്ളമാ!” അത് കേട്ട് അമ്മ പറഞ്ഞു: “സാരമില്ല മോനെ, ഞങ്ങളെ വളർത്തിയ അമ്മയാണ് ഈ പുഴ ഇപ്പോഴും...” വെള്ളത്തിൽ തൊട്ടുകൊണ്ട് അമ്മ ഓർമകളിലേക്ക് ഒഴുകി. അമ്മയെപ്പോലെ അപ്പുവും പതുക്കെ ആ വെള്ളത്തിൽ കാലുവെച്ചു! ഒരു സുഖമുള്ള കുളിര് അവരെ പുതപ്പിച്ചു.

ശങ്കരൻ നമ്പൂതിരി പി.എച്ച്., ക്ലാസ് 7
ഗവ. യു.പി. സ്കൂൾ കാക്കനാട്, എറണാകുളം

Haier Inspired Living
THE WORLD'S NO. 1*
APPLIANCES BRAND
*Source: Euromonitor International Limited; Consumer Appliances 2022ed, % unit share, 2021 volume sales data.

മാതൃഭൂമി
ആകാശപ്പച്ച
World Water Day Special
POWERED BY Haier Inspired Living




വർണച്ചിറക്
കവിത

# തിരിച്ചുപോകുന്ന
# പുഴ

പുഴയ്ക്കുണ്ട് മോഹം,
തിരിച്ചൊന്നു പോകാൻ
പിന്നിട്ട കാഴ്ചകൾ കാണാൻ
നീർച്ചാലിലിഴഞ്ഞ വഴിയും
പച്ച വിരിച്ചൊരാ പുൽമേടും.

കൊലുസു കിലുങ്ങുന്നോളങ്ങളിൽ
തീരത്തെ തൊട്ടുരുമ്മി നിന്നതും
തിരയിളക്കുന്നുണ്ട്
പോയ കാലത്തിൻ ഓർമകൾ.

പതച്ചു കിതച്ച് ഒഴുകിടുമ്പോൾ
ഒരു മാത്ര ഓർമതൻ കുളിരണിഞ്ഞു
കനൽവഴിയിൽ ഒഴുക്ക് തുടരുമ്പൊഴും
പിന്നിട്ടവഴികൾ വിളിക്കുന്നു പിന്നെയും.

മിനി ജെ.
കുറ്റിയിൽ എ.യു.പി.എസ്., പടിയം
വെട്ടം, തിരൂർ, മലപ്പുറം

Haier
Inspired Living
THE WORLD'S NO. 1*
APPLIANCES BRAND
*Source: Euromonitor International Limited; Consumer Appliances 2022ed, % unit share, 2021 volume sales data.


POWERED BY Haier Inspired Living

Published by Mathrubhumi Seed

# മാതൃഭൂമി ആകാശപ്പച്ച

ആകാശപ്പച്ചയിലേക്കുള്ള
രചനകളും നിർദേശങ്ങളും
akashapacha@mpp.co.in
എന്ന വിലാസത്തിലേക്ക് അയക്കാം.
വിശദവിവരങ്ങൾക്ക്
സീഡ് ജില്ലാ കോ-ഓഡിനേറ്റർമാരോട്
സംസാരിക്കാം.

കൂർത്ത മുനയുള്ള കല്ലുകളെ
ഉരുട്ടി മയപ്പെടുത്താൻ
പുഴ ഉപയോഗിക്കുന്നന്നത്
ശക്തിയല്ല. ക്ഷമയാണ്;
പുഴപോലെ ശക്തിവേണം
ക്ഷമയും!



Photo: Ajith shankaran